# കേരള സർക്കാർ
## സംഗ്രഹം

വനം വകുപ്പ് മുടിയ്ക്കൽ ഡിപ്പോയിൽ 15.10.80 - ൽ ലേലം ചെയ്ത തടികൾ പുനലൂർ ലേലം ചെയ്തപ്പോൾ സർക്കാരിനുണ്ടായ നഷ്ടത്തുക രൂപ 7700.55 എഴുതി തള്ളികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വനം വന്യജീവി (ഡി ) വകുപ്പ്

സർക്കാർ ഉത്തരവ് (സാധ ാരണ) നം . 315/91/വനം തീയതി, തിരുവനന്തപുരം 30.8.91

---

പരാമർശം : ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.7.91 ലെ എഫ് യു (3) 24217/91 നംപർ കത്ത്

## ഉത്തരവ്

15.10.90 - ൽ മൂടിയ്ക്കൽ ഡിപോയിൽ നടന്ന ലേലത്തിൽ ശ്രീ . എം .എം. ഇബ്രാഹിംകുട്ടി, മാട്ടുമ്മൽ ബിൽഡിംഗ്ഗ് പെരുംപാവൂർ എന്നയാൾ തടി ലേലത്തിൽ പിടിച്ചുവെങ്കിലും ലേല നിബ്ധന പ്രകാരം യഥാസമയം തടികൾ നീക്കം ചെയ്യാതിരുന്നതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി തടികൾ പുനൽലേലം നടത്തിയപ്പോൾ സർക്കാരിനു 7700.55 രൂ നഷ്ടമുണ്ടായി . ടി തുക ആദ്യലേലക്കാരനായ ശ്രീ.എം.എം.ഇബ്രാഹിം കൂട്ടിയിൽ നിന്നും ഈടാക്കുവാനായി പോലീസ് ഡിപ്പാർട്ടുമെന്റു വഴിയും തഹസിൽദാർവഴിയും ഡിപ്പോ ഓഫീസർ നേരിട്ടു ം നടത്തിയിട്ടുള്ള അന്വേഷണത്തിൽ ലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം എഴുതി തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ പരാമർശ കത്തിലൂടെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശു പാർശ ചെയ്തിരുക്കുന്നു

സർക്കാർ ഈ സംഗതി വിശദമായി പരിശോധിക്കുകയുണ്ടായി. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ശു ാർശ പരിഗണിച്ച 15.10.80 - ൽ മുടിയ്ക്കൽ ഡിപ്പോയിൽ നടന്ന തടി ലേലത്തിൽ തടി ലേലം കൊണ്ട ലേലക്കാരൻ ലേല വ്യവസ്ഥകൾ ലംഘിച്ചതിനാൽ ടി തടികൾ പുനർലേലം നടത്തിയപ്പോൾ സർക്കാരിൽ ഈടായ നഷ്ടതുകയായ 7700.55 (ഏഴായിരത്തി എഴുനൂറു രൂ അൻപത്തഞ്ചു പൈസ ) രൂ ഈടാക്കാൻ നിവൃത്തിയില്ലാത്തതായി കണക്കാക്കി എഴുതിതള്ളുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പി. ജയചന്ദ്രൻ നായർ. അഡീഷണൽ സെക്രട്ടറി

<u>മേലെഴുത്ത് നം ർ എഫ് യു (3) 24217/91 തീയതി 17.9.91</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് തൃശ്ശൂർ കൺസർവേറ്റർക്കും തടിവില്പ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പെരും ാവൂരിനും അനന്തര നടപടിക്കു വേണ്ടി അയക്കുന്നു

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കുവേണ്ടി

പകർപ്പ് സ്റ്റോക് ഫയലിൽ